## മഹാഗുരുവിന് ആദരപൂർവ്വം

**Dr. K. Rajaseskharan Nair**

മാർച്ച് 2017 ൽ ഞാനിട്ട ഈ പോസ്റ്റ് ഇവിടെ ആവർത്തിക്കുകയാണ്. ഇന്ന് പുതിയതൊന്നു എഴുതിയതാണ്. അത് വേറെ ഒരാൾ പ്രസിദ്ധീകരണത്തിനു കൊണ്ടുപോയി.

സത്യത്തിൽ ഒരു തരത്തിൽ ഞാൻ കുറെ ഖിന്നനാണ്. വളരെ പ്രമുഖരായ അധികാരികൾ പലരും ഞങ്ങളാരും ചോദിക്കാതെ പലതവണ പറഞ്ഞതാണ് ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ളയ്ക്ക് ഉചിതമായ സ്മാരകം തിരുവനന്തപുരത്തു തന്നെ ഉടനെ തന്നെ സ്ഥാപിക്കുന്നു എന്ന്. അതിനു പുറകെ ഞാൻ നടക്കാത്തതു കൊണ്ടാവാം ഇതുവരെ ഒന്നും വന്നില്ല. എന്റെ മടി, ഇഗോ ഇഷ്യു എന്നിവയൊന്നും കൊണ്ടല്ല. അമ്മാതിരി പോകാനൊന്നും എനിക്ക് അറിഞ്ഞുകൂടാ, ആവതുമില്ല, പിന്നെ ഞാൻ ചെന്നാൽ അത് സാധ്യമാകുമെന്ന് ഒരു തോന്നലുമില്ല. എന്നാലും അപൂർവ്വം ചില സ്ഥലങ്ങളിൽ അദ്ദേഹത്തെ കുറിച്ചുള്ള സ്മാരകങ്ങൾ/ സ്മാരകപ്രഭാഷണങ്ങൾ എന്നിവ ഇല്ലെന്നില്ല. അവയുടെ സംഘാടകരോട് നന്ദി.

അദ്ദേഹത്തിന്റെ രണ്ടു പേരക്കുട്ടികളാണ് ഇപ്പോൾ ചെറിയരീതിയിൽ വളരെ നല്ല ഒരു പുതിയ സംരംഭം തുടങ്ങുന്നത്. ഒരാൾ ഇംഗ്ലീഷിൽ പി.എച്ച്.ഡിക്കാരിയാണ്. വേറൊരാൾ അഖിലേന്ത്യാ റവന്യൂ സർവീസിൽ നിന്നു പിരിഞ്ഞ ആളും. ഒരു വെബ് സൈറ്റിനാണ് തുടക്കം കുറിക്കുന്നത്. പിന്നെ ബാക്കിയുള്ള പ്രവർത്തനങ്ങളും. അത്രയെങ്കിലും അവർ ഇപ്പോൾ തുടങ്ങുന്നത് നന്നായി. എന്റെ കൈയ്യിലുള്ള അപൂർവ്വ ചിത്രങ്ങളും കൊച്ചു കൊച്ചു കഥകളും രേഖപ്പെടുത്താമല്ലോ അങ്ങനെയെങ്കിലും.

ഞാൻ 2017 ൽ എഴുതിയതാണ് ഇനി, കുറച്ചു മാറ്റങ്ങളോടെ അത് ആവർത്തിക്കുകയാണ്. പക്ഷെ അന്ന് കൊടുക്കാത്ത കുറെ ചിത്രങ്ങളും കൂടി ഇപ്പോൾ കൊടുക്കുന്നുണ്ട്, വിനയത്തോടെ, ഗുരുഭക്തിയോടെ സാദരം ഇവ സമർപ്പിക്കട്ടെ.

xx xx xx xx xx xx xx xx xx xx xx xx

എന്റെ അച്ഛൻ മരിച്ചിട്ട് 25 കൊല്ലം തികയുകയാണ് (8 മാർച്ച് 1995).

കാൽ നൂറ്റാണ്ടിനുമുമ്പ് മുമ്പ് മരിച്ചുപോയ എന്റെ അച്ഛനെ കുറിച്ചുള്ള വൈകാരികമായ വാക്കുകളോ, മലയാളക്കരയിൽ ഏറ്റവും പ്രഗൽഭനായിരുന്ന ഒരു പണ്ഡിതനെക്കുറിച്ചുള്ള കുറിപ്പോ മാത്രമല്ല ഇത്.

പരിതസ്ഥിതികൾക്കൾക്കപ്പുറം സ്വപ്നം കാണാനും, ജന്മനാ സിദ്ധിച്ച മനീഷയെ സ്ഥിരപ്രയത്നം കൊണ്ടു സ്ഫുടം ചെയ്ത്, വേണ്ടതൊക്കെ മനനം ചെയ്ത് സാധ്യമാക്കാനും കഴിഞ്ഞ ഒരു കുട്ടിയുടെ കഥ കൂടി ആണിത്.

ആ ഒരൊറ്റയാൾ മാത്രമേ എന്റെ ജീവിതത്തിൽ ഏറ്റവും നിർണ്ണായകസ്വാധീനം ചെലുത്തിയിട്ടുള്ളൂ.

എല്ലാ നല്ല മക്കൾക്കും അവരുടെ അച്ഛനോടുള്ള സ്നേഹം ഇങ്ങനെയൊക്കെത്തന്നെയായിരിക്കും.

പക്ഷെ ആ മമതയെ കുറിച്ചല്ല, കേരളത്തിൽ അദ്ദേഹത്തിന്റെ പ്രസക്തി എന്തായിരുന്നുവെന്ന് സൂചിപ്പിക്കാണ് എന്റെ ഉദ്യമം. പലതും ഞാൻ മുമ്പേ തന്നെ പല തവണ എഴുതിയിട്ടുണ്ട്. അന്നൊന്നും ഈ ചിത്രങ്ങൾ ഉൾ.ക്കൊള്ളിക്കാനാവില്ലായിരുന്നു.

വെറും ഒരു കുഗ്രാമത്തിൽ സംസ്കൃതപ്പെരുമ ധാരാളം ഉള്ള വലിയ ഒരു കർഷക കുടുംബത്തിലെ സന്തതി. പഠിക്കാൻ നിത്യവും പത്തു പന്ത്രണ്ടു മൈൽ നടക്കണം, ചവറ വരെ.

കൂട്ടൊന്നും അന്നേയില്ലായിരുന്നു. ചെന്നത്തിപ്പെട്ടത് അക്കാലത്തെ പണ്ഡിതരുടെ ഒരു നാടായ ചവറയിലും. അധ്യാപകൻ ശ്രീ. അഴകത്തു പദ്മനാഭക്കുറുപ്പും, വൈദ്യൻ. ഓ.എന്.കൃഷ്ണക്കുറുപ്പും ഒക്കെയുള്ള സ്ഥലം. ആ കൊച്ചുകുട്ടി അന്നേ അവർക്കു പ്രിയനായിരുന്നു.

അന്നേ കവിതകളെഴുതും, കഥകളെഴുതും, കാവ്യങ്ങൾ പഠിക്കും, ധാരാളം വായിക്കും. ഇംഗ്ലീഷിനോടും സംസ്കൃതത്തോടുമായിരുന്നു അന്ന് കൂടുതൽ ഇഷ്ടം. സ്കൂൾ പുസ്തകങ്ങൾ മാത്രം വായിച്ചു പഠിച്ച് മിടുക്കാനാകാൻ എന്നും ഉപദേശിച്ചിരുന്ന മൂത്തചേട്ടന് സ്വാഭാവികമായും ദേഷ്യമാണ് വന്നത് അനിയന്റെ കവിതക്കമ്പം കണ്ട്.

പന്ത്രണ്ടു വയസ്സിലെഴുതിയ ഒരു ദീർഘകവിത ചെട്ടന്റെ കൈയിൽ പെട്ടപ്പോൾ അതു തുണ്ടു തുണ്ടായിപ്പോകുന്നതു കണ്ട് കണ്ണീരോടെ പറഞ്ഞതാണ് 'ഞാൻ പേപ്പറിൽ എഴുതിയേ ചേട്ടന് കീറാനാകൂ, മനസ്സിലുള്ളത് അവിടെ എന്നും ഉണ്ടാവും'. അതാണ് നാലഞ്ചുകൊല്ലം കഴിഞ്ഞ് ആദ്യമായി പ്രസിദ്ധീകരിക്കുന്ന പുസ്തകം 'ശ്മശാനദീപം'.

അന്നൊക്കെ കോളേജിൽ ചേരണമെങ്കിൽ തിരുവനന്തപുരത്തു വരണം. വന്നുചേർന്നത് ഡോ. ഗോദവർമ്മയടക്കമുള്ള വമ്പന്മാരുടെ ഗോദയിൽ. ഏതോ ഒരു ഗ്രാമത്തിൽ നിന്നു വന്ന ആ കുട്ടിക്കു എന്തുണ്ടാവും. എത്രയുണ്ടാവും സംസ്കൃതജ്ഞാനം എന്നു ശങ്കിച്ച അവർക്കാണ് തെറ്റിയത്. സംസ്കൃതം സ്വയം പഠിച്ചെടുത്തതാണ് എന്നു പറഞ്ഞത് അവർക്ക് വിശ്വസിക്കാനായില്ല. അവരന്ന് അത്ഭുതപ്പെട്ടുപോയത് ആ കുട്ടിയുടെ ഫോട്ടോഗ്രാഫിക് ഓർമ്മ ആ ഇന്റർവ്യൂ സമയത്തു തന്നെ അറിഞ്ഞപ്പോഴാണ് - ഒരു തവണ പറഞ്ഞുകൊടുത്താൽ, ഒന്നു കേട്ടാൽ, ഒന്നു കണ്ടാൽ, അവ അതുപോലെ ഓർക്കാൻ പറ്റുന്ന സിദ്ധി. ഐഡറ്റിക് മെമ്മറി (eidetic memory).

സംസ്കൃതമാണ് രണ്ടാം വിഷയമായി എടുത്തതെങ്കിലും, ഇംഗ്ലീഷിനോടായി അന്ന് ഇത്തിരി കൂടുതൽ താൽപര്യം. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് അദ്യം നേടിയത് ഇംഗ്ലീഷ് എം. ഏ. അന്നൊക്കെ ഇംഗ്ലീഷ് എം. ഏ എടുത്തവർക്ക് നാട്ടുഭാഷകളോടു അവജ്ഞയായിരുന്നു. അതൊക്കെ കളഞ്ഞ് പിന്നെ എടുത്തു സംസ്കൃതത്തിലും, മലയാളത്തിലും എം.ഏ.

അന്ന് അതൊരു സംഭവമായിരുന്നു.

കോളേജിൽ കയറിയതു മുതൽക്കു പഠിക്കാനുള്ള ചെലവ് വീട്ടിൽ നിന്ന് വാങ്ങേണ്ടിവന്നില്ല. 'ശ്മശാനദീപവും', നോവലുകളായ 'അംബാദേവിയും', 'കല്യാണസൗധവും' ഒക്കെ അതിനു മതിയായിരുന്നു അതിന്. വിദ്യാർത്ഥിയായിരുന്ന കാലത്ത് എഴുതിയ ആ പുസ്തകങ്ങൾ ടെക്സ്റ്റ് ബുക്കുകളായി അന്നേ തന്നെ.

ഒരു ജോലിയും ഒരു പ്രശസ്തിയും തേടിപ്പോകേണ്ടി വന്നില്ല ആ പ്രായത്തിലും. അർപ്പണസ്വഭാവമുള്ള ശ്രമങ്ങൾ കണ്ടു ആളുകൾ അന്വേഷിച്ചു കണ്ട് കൊടുത്തവയാണ് പിന്നെയെല്ലാം

പിന്നെയങ്ങോട്ട് വിശദപഠനങ്ങളുടേയും പരിശ്രമങ്ങളുടേയും കാലമായിരുന്നു. അതും മഹാകവി. ഉള്ളൂർ പരമേശ്വരയ്യർ, സദസ്യതിലകൻ ടി. കെ വേലുപിള്ള എന്നിവരുടെ കൂട്ടത്തിൽ.

നൂറ്റാണ്ടുകൾ പഴക്കമുള്ള നൂറുകണക്കിനു പനയോലക്കെട്ടുകളും, മതിലകം ചുരുളുകളും ആദ്യമായി പഠിച്ചെടുത്തത് കഷ്ടിച്ച് ഇരുപത്തിമൂന്നു വയസ്സുപോലും തികയാത്ത കാലത്ത്. അസാധാരണ പ്രതിഭയായിരുന്ന ഉള്ളൂരിന്റെ പ്രശംസ കിട്ടിയത് അന്നാണ്. 'പീഠഭൂമി ഉയർന്നതായിരിക്കുമ്പോൾ കൊടുമുടികൾ കാണാൻ പ്രയാസമായിരിക്കും. എന്നാലും അസാധാരണ ഉയരമുള്ള കൊടുമുടികൾ വളരെ എളുപ്പം ദൃശ്യമാവും, അതാണ് ശ്രീ. കുഞ്ഞൻ പിള്ളയുടെ സ്ഥാനം' എന്നാണ് ആ മഹാമനീഷി എഴുതിയത് (It is difficult to discern a peak when the tableland is so elevated. but even then a peak of more than normal height must be easily susceptible of perception and that I am glad to state is the position of Mr. Kunjan Pilllai' . 1936 )

സദസ്യതിലകൻ ശ്രീ. ടി.കെ.വേലുപ്പിള്ളയുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിന്റെ ചരിത്രഭാഗം എഴുതിയത് ഇരുപത്തിനാലു വയസ്സിനു മുമ്പ്. അതുവരെ തിരുവിതാംകൂർ ചരിത്രകാരന്മാർ പരമസത്യം എന്നുവച്ചിരുന്ന പലതും മാറ്റിയാണ് അതു വന്നത്, ഉമയമ്മ റാണിയുടെ മക്കളും, കളിപ്പാൻകുളവുമൊക്കെ വെറും കള്ളക്കഥകളാണെന്ന് ആ രാജഭരണകാലത്തു പറയാൻ അനിതരസാധാരണമായ ധൈര്യം വേണമായിരുന്നു. സ്റ്റേറ്റ് മാന്വലിന്റെ രണ്ടാം വാല്യത്തിന്റെ മുഖവുരയിൽ ഉഗ്രംപശ്യനായ ശ്രീ. ടി. കെ. വേലുപ്പിള്ള ആ ചെറുപ്പക്കാന് കൊടുത്ത ശ്ലാഘ അതിനു തെളിവ്. 'I take this opportunity to place on record my high and sincere sense of appreciation of the versatility of his talent and his supreme devotion to duty. His association with me in this work has been a source of pleasure as well as of profit. I have been benefited not only by his vast erudition, quick grasp, remarkable memory, broad outlook and his capacity to make relevant suggestions which enabled me to attain definite conclusions in several troublesome tangles. Hard work is his delight…'

ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ ഡൽഹിയിലെ ഇൻഡ്യൻ ഹിസ്റ്റോറിക്കൽ കോൺഗ്രസ്സിലെ അംഗത്വം നേടിയത് ആ ചരിത്രഗവേഷണമഹിമ കൊണ്ട്.

പിന്നെ ചെന്നുകയറിയത് പൊതുവിദ്യാഭ്യാസത്തിന്റെ സർവ്വ ചുമതലയുമായി സെക്രട്ടേറിയറ്റിൽ. ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയുടെ കൺവീനർ എന്ന രീതിയിൽ എഴുതേണ്ടി വന്നത് ഡസൻ കണക്കിനു പുസ്തകങ്ങളായിരുന്നു. ആ ടെക്സ്റ്റുബുക്കുകളാണ് ഇവിടത്തെ എത്രയോ തലമുറകൾ പഠിച്ചത്. പ്രത്യേകിച്ചും മലയാള വ്യാകരണം (ശ്രീ. ചിത്രാവ്യാകരണമഞ്ജരി. 1942).

ആ കാലത്ത് കേരളത്തിലെ സകലവിധ വിദ്യാഭ്യാസ കാര്യങ്ങളുടേയും മേൽ.നോട്ടമാണ് ചെയ്യേണ്ടിയിരുന്നത്. ആരും അറിയപ്പെടാതെപോയ എത്രയോ നല്ല കാര്യങ്ങളാണ് അവിടെയും ചെയ്തത്. പണ്ട് മലയാളം മുൻഷിമാർക്ക് മറ്റുള്ള സാറന്മാരുടെ ശമ്പളമില്ല. (അതിന്റെ ദയനീതയും രൂക്ഷതയുമറിയാൻ ഏറ്റവും നന്ന് കാരൂർക്കഥകളാണ്). മറ്റുള്ളവരുടെ മാതിരിയുള്ള ശമ്പളം കിട്ടിയപ്പോൾ മലയാളം മുൻഷിമാരുടെ നന്ദി വിവരിക്കാനാവില്ലായിരുന്നു.. സംസ്കൃതകോളേജുകാർക്ക് കോളേജ് എന്ന രീതിയിലുള്ള ഒരു പരിഗണനയുമില്ലായിരുന്നു. അതു ശരിയാക്കിയത് കൊച്ചിക്കാരൻ മുഖ്യമന്ത്രി പനമ്പള്ളി ഗോവിന്ദമേനോന്റെ സഹായത്തോടെ. ശ്രീ. ഗോവിന്ദമേനോന് അസ്സലായി ബോധിച്ചത് ആ ചെറുപ്പക്കാരന്റെ നിസ്തുലമായ ഭാഷാവൈദഗ്ധ്യവും അപാരമായ പാണ്ഡിത്യവും തികഞ്ഞ കർമ്മകുശലതയും. അവ എല്ലാം അദ്ദേഹത്തിനും സമൃദ്ധമായിരുന്നു.

സെക്രട്ടേറിയറ്റിൽ നിന്നു പിന്നെ വിടുന്നത് മലയാളം ലെക്സിക്കൺ നിർമ്മാണത്തിന്. അതും ശ്രീ. പനമ്പള്ളിയുടെ നിർബന്ധം കൊണ്ട്. അങ്ങനെയൊരു ലിംഗ്വിസ്റ്റ്ക്സ് സങ്കൽപം അന്നില്ലായിരുന്നു ഇന്ത്യയിലെങ്ങും.

സമഗ്രമായ ഒരു നിഘണ്ടുവിനെക്കുറിച്ച് മനസ്സിലുണ്ടായിരുന്ന ഒരു ഭാവനയുടെ ആദ്യ പ്രസിദ്ധീകരണം അതിന് എത്രയോ നാൾ മുമ്പ് 1936 ലായിരുന്നു. അത് ഉള്ളൂരിന്റെ നിരീക്ഷണത്തിൽ ശ്രീ. ബി. പദ്മനാഭപിള്ള പ്രസിദ്ധീകരിച്ചിരുന്ന 'സഹൃദയ' മാസികയിൽ.

ലെക്സ്ക്കൺ ആദ്യ വാല്യം പുറത്തിറങ്ങിയപ്പോൾ അഭിനന്ദിക്കാൻ ആരും ഇവിടെയില്ലായിരുന്നു.

എഡിൻബറോ യൂണിവേഴ്സിറ്റിയിലെ റിച്ചാർഡ് ആഷർ ഇതിനെ ഓക്സ് ഫോർഡ് ഇംഗ്ലീഷ് ഡിക്ഷണറിയുമായി താരതമ്യം ചെയ്ത് ഇതിന്റെ ഗരിമയെ പ്രശംസിക്കുന്നവരെ ആർക്കും ഒരു മിണ്ടാട്ടവുമില്ലായിരുന്നു.
അതുകഴിഞ്ഞപ്പോൾ എല്ലാവരും സമ്മതിച്ചു ഇത്തരം ഒരു നിഘണ്ടു ഭാരതത്തിൽ ആദ്യമായായാണെന്ന്.

തിരുവനന്തപുരത്തോടുള്ള അഭിനിവേശം വല്ലാതെ കടുത്തതായിരുന്നു. ഇവിടം വിട്ടു പുറത്തോട്ടുള്ള യാത്രകൾ മിക്കതും ഒഴിവാക്കി. ലെക്സിക്കന്റെ മൂന്നു വാല്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞപ്പോൾ ചില വിദേശരാജ്യങ്ങളിൽ നിന്നു ലിംഗ്വിസ്റ്റ്ക്സ് പ്രൊഫസറായി ചെല്ലാൻ ക്ഷണം. വിനീതമായി അവയെല്ലാം നിരസിച്ചു. ആരോടും ഒന്നും പറഞ്ഞില്ല. താൻ നന്നാണെങ്കിൽ അറിയുന്നവർ അറിഞ്ഞുവരും എന്നായിരുന്നു എക്കാലവും അദ്ദേഹത്തിന്റെ നിശ്ചയം. പല നാടുകളിൽ നിന്ന് പല ശിഷ്യരും അറിഞ്ഞു വരുകയും ചെയ്തു.

ഞാൻ ഊരു ചുറ്റാൻ തുടങ്ങിയ കാലമായിരുന്നു. ബ്രിട്ടണിലെ ക്ഷണം കളയരുതായിരുന്നു എന്നു ഞാൻ ഒന്നു പറഞ്ഞുനോക്കിയതാണ്.
ചിരിച്ചതല്ലാതെ ഒന്നും മിണ്ടിയില്ല. കേരളയൂണിവേഴ്സിറ്റിയിലെ വിസിറ്റിങ് പ്രൊഫസറായി അവസാനം പോയതും തിരുവനന്തപുരം വിട്ടു പോകണ്ട എന്നുള്ളതു കൊണ്ടും.

അതിക്ലിഷ്ടങ്ങളായ ഡസൻ കണക്കിനു മലയാളം / സംസ്കൃതം കൃതികളുടെ പ്രസാധനങ്ങളാണ് ഏറ്റവും ഇഷ്ടമായ വേറൊന്ന്. അതിലും ഏറ്റവും പ്രസിദ്ധമായത് 'ലീലാതിലകവും', 'ഉണ്ണുനീലി സന്ദേശവും'. ഇന്ന് പറഞ്ഞാൽ വിശ്വസിക്കില്ല. ഒരു കാലത്ത് ഇവയെചൊല്ലിയുള്ള സംവാദങ്ങളും വിവാദങ്ങളുമാണ് സാംസ്കാരിക കേരളത്തിലെ ഏറ്റവും പ്രധാനമായിരുന്നത്.

വൈജ്ഞാനികസാഹിത്യത്തിനും, കേരളചരിത്രത്തിനും വേണ്ടിയുള്ള ഈ ശ്രമങ്ങൾ തടസ്സപ്പെടുത്തിയത് സർഗ്ഗാത്മകരചനകളെ ആയിരുന്നു. എന്നാലും ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് ഏകാന്തമായി തെക്കേവരാന്തയിൽ ഇരുന്ന് കവിത എഴുതും, അസ്സലായി ഈണമൊപ്പിച്ചു ചൊല്ലും. അതൊരു ഹരമായിരുന്നു. ആ സർഗ്ഗാത്മക വേളയിൽ ജനിച്ചത് എത്രയോ കവിതകൾ. കടുകട്ടിയായ വൈജ്ഞാനിക സാഹിത്യത്തിനിടയിൽ ഈ പേലവമായ കവിതകൾ അതീവ ഹൃദ്യമായിരുന്നു. കുറേ കവിതാസമാഹാരങ്ങളുമുണ്ട് പ്രസിദ്ധീകരിച്ചവയുടെ കൂട്ടത്തിൽ. അച്ഛന്റെ ഈ കവിതാരചനകളെക്കുറിച്ച് ശ്രീമതി. വിജയലക്ഷ്മി 'നന്ത്യാർവട്ടം' എന്ന ഒരു നല്ല കവിത അടുത്ത കാലത്ത് എഴുതിയിട്ടുണ്ട്.

ഏറ്റെടുത്ത് ചെയ്ത ജോലികളെല്ലാം തീർത്തത് ഏറ്റവും മികച്ച രീതിയിൽ. അതിൽ മിക്കതും ആരും അറിയാതെ പോയി. ഏറ്റവും പ്രിയപ്പെട്ട ഒന്ന് അപൂർണ്ണമായി അവശേഷിപ്പിക്കേണ്ടി വന്നു. അതിനു പിന്നിലുള്ള ഒരാളുടെ വൈര്യനിര്യാതനക്കഥ അരോചകമായതുകൊണ്ട് പറയാതെ വിടുന്നു. ജീവിതം അങ്ങനെയാണ്.

അതു വരെ കീറാമുട്ടിയായി കിടന്ന തിരു- കൊച്ചി മലബാർ സർക്കാർ അധ്യാപകരുടെ സർവ്വീസ് സംയോജനം എങ്ങനെ ശരിയാക്കുമെന്ന് ആർക്കും ഒരു രൂപവുമുണ്ടായിരന്നില്ല. അതൊന്നു ശരിയാക്കിയപ്പോൾ രക്ഷപ്പെട്ടത് ആയിരക്കണക്കിനു മലബാറിലെ അധ്യാപകരും.

കേരളസാഹിത്യഅക്കാദമിയുടെ തുടക്കവും, ശ്രീ. എൻ. വി. കൃഷ്ണവാര്യരോടൊപ്പം ചേർന്ന് ആദ്യത്തെ ജ്ഞാനപീഠം അവാർഡ് മലയാളത്തിനു കിട്ടാനുള്ള വിജയിച്ച ശ്രമവും, മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിക്കു നൂറുനൂറായിരം താളിയോലഗ്രന്ഥങ്ങൾ സമാഹരിക്കലും, കാൻ ഫെഡിന്റെയും തിരുവനന്തപുരം തുഞ്ചൻ സ്മാരകത്തിന്റെയും പിറവിയും എന്നിങ്ങനെ പലതും ആരും അറിയാതെ പോയതാണ്.

ഒരു ഔദാര്യവും ആരോടും ചോദിച്ചില്ല. ചോദിച്ചവർക്കെല്ലാം കൈയ്യിലുണ്ടായിരുന്നത് സന്തോഷത്തോടെ സംഭാവന ചെയ്തു. ആകെയുണ്ടായിരുന്നത് അറിവ്. തീരെ കൊച്ചുകുട്ടികൾ മുതൽ പോസ്റ്റ് ഡോക്ടറൽ വിദ്യാർത്ഥികൾക്കു വരെ അതു വാരിക്കോരിക്കൊടുത്തു. പാവം ഗ്രന്ഥകാരന്മാരാണ് ഏറെ സന്തോഷിച്ചത്. ഏതു കൊണ്ടു കൊടുത്താലും വായിച്ച് അതു കേൾക്കും. മാറ്റിയെഴുതേണ്ടത് പറഞ്ഞുകൊടുക്കും, പലപ്പോഴും മാറ്റിയെഴുതിക്കൊടുക്കും. നല്ല അവതാരിക എഴുതിക്കൊടുക്കും, ആയിരത്തിലധികം അങ്ങനെ അവതാരികകൾ തന്നെയുണ്ട്.

ജേണലിസ്റ്റുകൾക്കാണ് അദ്ദേഹത്തിന്റെ സഹായം ഏറെ കിട്ടിയത്. ഏതു അർധരാത്രിയിലും അവർക്കു ഭാഷയെക്കുറിച്ച് എന്തും ഫോൺ ചെയ്തു ചോദിക്കാം. അവർ ചോദിച്ചതിലും കൂടുതൽ കൊടുക്കും. അദ്ദേഹത്തിന്റെ മരണം കഴിഞ്ഞപ്പോൾ അവർ തമ്മിൽ തമ്മിൽ ചോദിച്ച ചോദ്യവും അതായിരുന്നു 'ഇനി ഇതൊക്കെ ആരോടു ചോദിക്കും?' ദേശാഭിമാനിയും മാതൃഭൂമിയും മലയാളമനോരമയുമടക്കമുള്ളവരുടെ ലേഖകന്മാർ എഴുതിയതും അതു തന്നെ.

അദ്ദേഹം ഇത്ര ജനപ്രിയനാകാൻ കാരണം മറ്റുള്ളവരെ സഹായിച്ചതു കൊണ്ടാവും. പണ്ഡിതസാർവ്വഭൗമത്വം നേടിയെങ്കിലും ഏറ്റവും പ്രിയം വെറും പാവപ്പെട്ടവരോടായിരുന്നു. അദ്ദേഹത്തിനു അഭിമതരായ കേരള പണ്ഡിതന്മാർ കുറവായിരുന്നു. ശ്രീ. ഏ. ആർ രാജരാജവർമ്മയും, ശ്രീ. ഉള്ളൂരും, ശ്രീ. എൻ ഗോപാലപിള്ളയും സർദാർ. കെ. എം. പണിക്കരും, ശ്രീ. എം. എച്ച് ശാസ്ത്രിയും, ശ്രീ. ഗണപതിഅയ്യരും, ശ്രീ. ഡോ. വി. ഐ. സുബ്രമണ്യവും - അങ്ങനെക്കുറേപ്പേർ മാത്രം.

പ്രേഷ്ഠസുഹൃത്തുക്കളായി, വള്ളത്തോളും, ഏ. എൻ. തമ്പിയും, ശ്രീ. ജി. ശങ്കരക്കുറുപ്പും, ശ്രീ. വെണ്ണിക്കുളവും, ശ്രീ. ഉബൈദും, ശ്രീ. ഉലഹന്നാൻ മാപ്പിളയും ശ്രീ. എം.പി. അപ്പനും, ശ്രീ. നാലാങ്കലും, ഡോ. ചേലനാട്ടു അച്യുതമേനോനും, കവിതിലകൻ. പി. ശങ്കരൻ നമ്പ്യാരും, ശ്രീ. പി. കുഞ്ഞിരാമൻ നായരും, ശ്രീ. പുത്തേഴത്ത് രാമമേനോനും ഒക്കെ.

അദ്ദേഹത്തിനു ഒരു രാഷ്ട്രീയവും ഒരു കാലത്തും ഇല്ലായിരുന്നു. പക്ഷെ രാഷ്ട്രീയക്കാർക്കെല്ലാം അദ്ദേഹത്തെ ഒരുപോലെ പത്ഥ്യമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അതിതായ മതിപ്പായിരുന്നു. അതു ശ്രീ. പട്ടം താണുപിള്ള തൊട്ട്, ശ്രീ ഏ. ജെ. ജോൺ, ശ്രീ പനമ്പള്ളി, ശ്രീ ഇം.എം.എസ്, ശ്രീ. മുണ്ടശ്ശേരി, ശ്രീ കെ. കരുണാകരൻ, ശ്രീ. നയനാർ മുതൽ പേർക്ക്. അവരോടും ഒരിക്കലും ഒരു അഭ്യർത്ഥനയും നടത്തിയിട്ടുമില്ല.

ഒരുപാട് ബഹുമതികളും കിട്ടിയിട്ടുണ്ട്. മുപ്പതു വയസ്സിനു വയസ്സാകുന്നതിനു മുമ്പ് കൊച്ചി മഹാരാജാവിന്റെ കൈയ്യിൽ നിന്നു സാഹിത്യനിപുണ മുതൽ പിന്നെ ധാരാളം. കേന്ദ്രസാഹിത്യഅക്കാദമി ശ്രീ. ജവഹർലാൽ നെഹ്രു അധ്യക്ഷനായി തുടങ്ങിയ കാലത്ത് അതിലെ അംഗത്വം. കുറേ യൂണിവേഴ്സിറ്റികളിൽ നിന്നു ആദരപൂർവ്വമായ ഡി. ലിറ്റ് ബഹുമതികൾ. സാഹിത്യഅക്കാദമി ഫെല്ലോഷിപ്പ്. പ്രഥമ എഴുത്തച്ഛൻ പുരസ്കാരം തൊട്ടു ദേശീയ പുരസ്കാരങ്ങളായ പത്മ അവാർഡുകൾ വരെ. ആരേയും പിണക്കിയില്ല. പക്ഷെ മിക്കതും വാങ്ങാൻ ഒരിടത്തും പോയുമില്ല.

എഴുതിയ പലതും വെളിച്ചം കാണാതെയും പോയി. 1992 ൽ കേരളയൂണിവേഴ്സിറ്റിയിൽ നാലു നാൾ നടത്തിയ ടാഗോർ സെന്റിനറി പ്രഭാഷണം ടെക്സ്റ്റ് ആയി എഴുതിക്കൊടുത്തത് (Vedas and Vedantas) എവിടെയോ പോയത് മഹാനഷ്ടം.

കുഞ്ഞുന്നാൾ മുതൽ ശീലിച്ചിരുന്ന ചില പ്രത്യേകതകൾ ഉണ്ടായിരുന്നു അതിനു ഒരു മുടക്കവും മരിക്കുന്നതു വരെ ഇല്ലായിരുന്നു. അതിൽ പലതും എന്നോടും പറഞ്ഞു തന്നിട്ടുണ്ട്. ഞാനവ പ്രാവർത്തികമാക്കാൻ ശ്രമിച്ചിട്ടുമുണ്ട്. നടന്നിട്ടില്ല എന്നു മാത്രം.

ബുദ്ധി മാത്രം പോരാ നിസ്തന്ദ്രമായ പഠനം വേണം എന്തിലും പൂർണ്ണപ്രാഗൽഭ്യം നേടാൻ.

അതു നേടിയാൽ എന്താണോ കർമ്മം അതു ചെയ്യുക. ആരു എന്തു പറയുന്നു എന്ന് നോക്കുകയേ വേണ്ട. ഭവഭൂതി പറഞ്ഞമാതിരി ഏതെങ്കിലും ഒരു നാൾ ഒരാളെങ്കിലും വരും താൻ ചെയ്ത പ്രവർത്തിയുടെ ഗരിമ അറിയുന്നവനായിട്ട്.

മിടുക്കു കാണിച്ച് തിളങ്ങാനൊന്നും നോക്കണ്ട. ചെയ്തത് പ്രഗൽഭമെങ്കിൽ, അറിവുള്ളവർ അറിഞ്ഞു വരും അടുത്തേക്ക്.

പ്രശസ്തി ഒന്നും നോക്കണ്ട. അതു വരും, വരാതിരിക്കും, വന്നാലും അവയ്ക്കുള്ള വില നാം കൊടുക്കന്നത്രേയുള്ളൂ.

ഒരു മോഹവും വയ്ക്കണ്ട. വെറുതേ മോഹിക്കുമ്പോഴാണ് തിന്മ മനസ്സിൽ കൂടുന്നത്. അന്യരെ തോൽപ്പിക്കാനല്ല, സ്വയം നന്നാവാൻ മാത്രമാവണം വിദ്യ അഭ്യസിക്കേണ്ടത്.

അന്യരെ കുറിച്ച് നല്ലതു പറയുക, നല്ലതു മാത്രം.

എത്ര ആരു വിമർശ്ശിച്ചാലും അവയെക്കുറിച്ച് പ്രതികരിക്കാതിരിക്കുക.

കോപം ഒഴിവാക്കണം (കോപം വന്നാൽ രിപുവെന്തിനു ശമമെത്തീടുകിൽ ദായാദിയും.)

എല്ലാവരോടും വിനയം. അത് രാജാവിനോടാണെങ്കിലും യാചകനോടാണെങ്കിലും.

ഇതൊക്കെ വെറും സാധാരണജനത്തിനു പറ്റുമോ എന്നു ചോദിച്ചാൽ പറ്റുമെന്നു സ്വന്തം ജീവിതം കൊണ്ട് കാണിച്ചുതന്നതാണ്. ഇവയൊന്നും പ്രാക്ടിക്കലല്ല എന്നു പല തവണ തോന്നിയിട്ടുണ്ട്. പക്ഷെ ഇന്നു മനസ്സിലാവുന്നു അതിന്റെ പ്രാക്ടിക്കലായ നിസ്തുല ഗുണം. മോഹഭംഗങ്ങളൊന്നുമില്ലാതെ, നിരാശകളൊന്നുമില്ലാതെ, അധ്യാപകനല്ലായിരുന്നെങ്കിൽ കൂടി ബഹുസഹസ്രമാളുകളുടെ ഗുരുവായി

പല മേഖലകളിലും പഥികൃത്തായി രംഗം വിടാൻ സഹായിച്ചതും ഈ വളരെ പ്രാക്ടിക്കലായ ജീവിത ചര്യതന്നെ.

മരിക്കുന്ന അന്ന് രാവിലെയാണ് അവസാനത്തെ ജോലി ചെയ്തത്. മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് അയച്ച ആരുടേയോ ഒരു പി. എച്ച്.ഡി. പ്രബന്ധത്തിന്റെ റിപ്പോർട്ട്.

xx xx xx xx xx xx xx xx xx xx xx xx

അദ്ദേഹം മരിച്ചത് 1995 മാർച്ച് 8 പുലർച്ച മൂന്നു മണിക്ക്. പത്രക്കാർക്കു മാറ്റി അച്ചടിക്കാൻ മെനക്കേടായിരുന്നു. പക്ഷെ അവരൊക്കെ അതാണ് ചെയ്തത്. മലയാളം പത്രങ്ങൾ മാത്രമല്ല, ദേശീയ മാധ്യമങ്ങളും 8ാം തീയതി തന്നെ അവ റിപ്പോർട്ടു ചെയ്തു, ഇല്ലാത്ത സ്ഥലം ഉണ്ടാക്കിയെടുത്ത് അവരതു ചെയ്തു. പിന്നെ കുറേ ദിവസങ്ങളിൽ എല്ലാ പത്രങ്ങളിലും പ്രധാന വാർത്തകളും അനുസ്മരണങ്ങളും അദ്ദേഹത്തെക്കുറിച്ചു മാത്രമായിരുന്നു.

ആരോ ഒക്കെ പറഞ്ഞിരുന്നു ഇതാ സ്മാരകങ്ങൾ ഉണ്ടാക്കാൻ പോകുന്നെന്ന്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളാണ്. 'നല്ല സ്മാരകം നമ്മൾ ചെയ്യുന്ന നല്ല ജോലി തന്നെയാവും',

എന്റെ സുഹൃത്ത് ശ്രീ. ഓ.എൻ.വി കുറുപ്പ് അദ്ദേഹത്തെക്കുറിച്ചെഴുതിയതിലെ ഒരു ഖണ്ഡം സത്യം. 'കീർത്തിമുദ്രകളുടെ തിളക്കം മാഞ്ഞുപോകാം. പ്രശസ്തി പത്രങ്ങൾ പൊടിപറ്റി ചിതൽ തിന്നുവെന്നു വരാം. മലയാള മഹാനിഘണ്ടു ഒന്നു മാത്രം മതി ശ്രീ. ശൂരനാട്ടു കുഞ്ഞൻ പിള്ളയെ വരും തലമുറകൾ ഓർമ്മിക്കാൻ'.